പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 764 | 11.03.2015- ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

## കാസർഗോഡ് ജില്ലയിലെ ദിനപരിചരണ കേന്ദ്രങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ.കുഞ്ഞിരാമൻ<br>(ഉദുമ) | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | കാസർഗോഡ് ജില്ലയിൽ മാനസിക വെല്ലുവിളിനേരിടുന്ന വരെ സഹായിക്കുന്നതിന് ദിനപരിചരണ കേന്ദ്രങ്ങൾ തുടങ്ങിയിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി | എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ; | ബി | വിഷാദരോഗം ഉൽപ്പെടെയുള്ള മാനസികാരോഗ്യ വെല്ലുവിളി നേരിടുന്നവർക്കായി സമ്പൂർണ്ണ പരിചരണവും പുനരധിവാസവുംഎന്നതാണ് ടി കേന്ദ്രങ്ങൾ ലക്ഷ്യമിടുന്നത്.സ്ത്രീകൾക്കും പുരുഷൻ മാർക്കുമായി പ്രത്യേക ദിനപരിചരണകേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഓരോ മാസവും ആദ്യത്തെ ബുധനാഴ്ച ഇംഹാൻസ് സംഘം കേന്ദ്രം സന്ദർശിക്കുകയും രോഗികളുടെ ആരോഗ്യ നിലവാരം വിലയിരുത്തി മരുന്ന് നൽകുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. പത്ത് മണിമുതൽ നാല് മണിവരെ പ്രവർത്തിക്കുന്ന പകൽ പരിപാലന കേന്ദ്രത്തിൽ അന്തേവാസികളെ എത്തിയ്ക്കുവാനും തിരിച്ച് വീടുകളിലേയ്ക്ക് എത്തിയ്ക്കുവാനും വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. പകൽ പരിപാലന കേന്ദ്ര ത്തിൽ അന്തേവാസികൾക്കായി കലാ കായിക, മാനസികോല്ലാസങ്ങൾക്കായി സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ കേന്ദ്രത്തിൽ സോപ്പ് നിർമ്മാണം, മെഡിസിൻ കവർ നിർമ്മാണം, ക്ലീനിംഗ് സൊല്യൂഷൻസ്, മെഴുകുതിരി നിർമ്മാണം എന്നിവയിൽ പരിശീലനം നൽകുന്നുണ്ട് |
| സി) | ഇത്തരം സ്ഥാപനങ്ങൾ എവിടെ യൊക്കെയാണ് തുടങ്ങിയിട്ടു ള്ളത്; വിശദാംശങ്ങൾ അറിയി ക്കാമോ; | സി) | കാസർഗോഡ് ജില്ലയിലെ പെരിയയിലെ നവോദയനഗറിൽ മെയിൽ സെന്ററും ചിറുമ്പ പി.ഒ, പനയാൽ എന്ന സ്ഥലത്ത് ഫീമെയിൽ സെന്ററും ആരംഭിച്ചിട്ടുണ്ട്. |

<table>
<tr><td>ഡി)</td><td>കെട്ടിട വാടക,ജീവനക്കാരുടെ ശമ്പളം എന്നീ ഇനത്തിൽ എത്ര തുകയാണ് മാസംതോറും ചെലവാക്കുന്നത്;</td><td>ഡി)</td><td>കെട്ടിട വാടക , ജീവനക്കാരുടെ ശമ്പളം എന്നീ ഇനങ്ങളിൽ താഴെപ്പറയുന്ന തുക മാസംതോറും ചെലവാക്കിയിട്ടുണ്ട്.
<table>
<tr><th>മാസം</th><th>ബിൽഡിംഗ് വാടക</th><th>ശമ്പളം</th><th>ആകെ</th></tr>
<tr><td>മെയ്</td><td>47,000</td><td>1,11,000</td><td>1,58,000</td></tr>
<tr><td>ജൂൺ</td><td>47,000</td><td>1,11,000</td><td>1,58,000</td></tr>
<tr><td>ജൂലൈ</td><td>47,000</td><td>1,11,000</td><td>1,58,000</td></tr>
<tr><td>ആഗസ്റ്റ്</td><td>47,000</td><td>1,11,000</td><td>1,58,000</td></tr>
<tr><td>സെപ്റ്റംബർ</td><td>47,000</td><td>1,11,000</td><td>1,58,000</td></tr>
<tr><td>ഒക്ടോബർ</td><td>47,000</td><td>1,11,000</td><td>1,58,000</td></tr>
<tr><td>നവംബർ</td><td>47,000</td><td>1,11,000</td><td>1,58,000</td></tr>
<tr><td>ഡിസംബർ</td><td>47,000</td><td>1,11,000</td><td>1,58,000</td></tr>
<tr><td>ജനുവരി</td><td>47,000</td><td>1,11,000</td><td>1,58,000</td></tr>
<tr><td>ആകെ</td><td>4,23,000</td><td>9,99,000</td><td>14,22,000</td></tr>
</table>
</td></tr>
<tr><td>ഇ)</td><td>ഓരോ കേന്ദ്രത്തിലും എത്ര അന്തേവാസികൾ വരുന്നുണ്ട്; ഇവർക്ക് എന്തൊക്കെ സഹായങ്ങളാണ് ചെയ്യുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ;</td><td>ഇ)</td><td>13 പുരുഷന്മാരും 10 സ്ത്രീകളും അന്തേവാസികളായുണ്ട്. ഇംഹാൻസിന്റെ സഹാ യത്തോടെ രോഗികളുടെ ആരോഗ്യ നിലവാരം വിലയിരുത്തി മരുന്ന് നൽകുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. പകൽ പരിപാലന കേന്ദ്രത്തിൽ അന്തേവാസികളെ എത്തിക്കുവാനും തിരിച്ച് വീടുകളിലേയ്ക്ക് എത്തിക്കുവാനുമുള്ള വാഹന സൗകര്യം, കലാ കായിക മാനസികോല്ലാസങ്ങൾക്കായുള്ള സൗകര്യം, തൊഴിൽ പരിശീലനം,എന്നിവ അന്തേവാസി കൾക്കു നല്കിവരുന്നു.</td></tr>
<tr><td>എഫ്)</td><td>പ്രസ്തുത സ്ഥാപനങ്ങൾക്ക് കെട്ടിടം കണ്ടെത്തുകയും ഇവിടെയുള്ള ജീവനക്കാരെ നിയമിച്ചതും ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ?</td><td>എഫ്)</td><td>കെട്ടിടം കണ്ടെത്തിയത് പത്രപരസ്യം മുഖേനയാണ്. മാസ വാടകയ്ക്കാണ് കെട്ടിടം കണ്ടെത്തിയിട്ടുള്ളത്. സ്ഥാപനത്തിലേയ്ക്ക് കരാർ അടിസ്ഥാനത്തിൽ സ്റ്റാഫ് നഴ്സിനെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ക്ലീനർ കം പ്യൂൺമാരെയും നിയമിച്ചിട്ടുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ